**അഞ്ചാമത് ഇന്ത്യ - ചൈന തന്ത്രപ്രധാന ചർച്ചകൾ**

അഞ്ചാമത് ഇന്ത്യ - ചൈന തന്ത്രപ്രധാന ചർച്ചകൾ ഇന്ന് ന്യൂഡെൽഹിയിൽ നടന്നു. ചർച്ചയിൽ ഇന്ത്യയെ വിദേശകാരി സെക്രട്ടറി സുജാത സിംഗ് നയിച്ചു. ചൈനയുടെ പ്രതിനിധികളെ ഉപ വിദേശകാര്യ മന്ത്രി ലിയു ഷെൻമിൻ നയിച്ചു. ഇരു വിഭാഗങ്ങൾക്കും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി മേഖലാ ആഗോള വിഷയങ്ങൾ ചർച്ച ചെയ്തു.

ചൈനയുടെ പ്രധാനമന്ത്രി ലി കേഖിയാങ്ങിന്റെ വിജയകരമായ ഇന്ത്യാ സന്ദർശനത്തിന് ശേഷം ഉഭയകക്ഷി ബന്ധങ്ങളിൽ ഉണ്ടായ വികസനത്തെ കുറിച്ചുള്ള അവലോകനത്തിൽ ഇരു വിഭാഗവും വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. അതിർത്തിയിലെ നദീജലം ഉപയോഗത്തിലെ വർദ്ധനവു ഗ്രഹിക്കുന്നത് , വളരെ വലുതും വളരുന്നതുമായ കമ്മി പ്രശ്നങ്ങൾ ഇന്ത്യ അഭിമുഖീകരിക്കുന്നു എന്നതുമായി ബന്ധപ്പെട്ടു ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വികസിപ്പിക്കുന്നത് , ഇന്ത്യാ - ചൈന അതിർത്തി മേഖലകളിൽ യഥാർത്ഥ നിയന്ത്രണ രേഖ (Line of Actual Control (LAC) ) പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും തുടർന്നു കൊണ്ടു പോകുക , സാംസ്കാരിക സഹകരണം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾക്കൊപ്പം ജനങ്ങൾ തമ്മിലുള്ള വിനിമയം , ശാസ്ത്ര സാങ്കേതിക വിദ്യകളിൽ സഹകരണം വികസിപ്പിക്കുക തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ ഉൾപ്പെടുകയുണ്ടായി. ഈ വർഷാവസാനം പ്രധാനമന്ത്രി ഡോ. മന്മോഹൻ സിംഗ് ചൈന സന്ദർശിക്കുവാനുള്ള സാധ്യതകൾ ഇരു വിഭാഗവും ചർച്ച ചെയ്തു. ബിസിഐഎം സാമ്പത്തിക സഹകരണത്തിനുള്ള സാധ്യതകളും (BCIM പ്രാദേശിക സഹകരണത്തിനുള്ള Bangladesh–China–India–Myanmar ഫോറം ) അതിന്റെ സാധ്യതകളും വിജയസാധ്യതയും ചർച്ചയിൽ പരാമർശിക്കുകയുണ്ടായി.

മറ്റ് വിഷയങ്ങൾക്ക് പുറമെ ബ്രിക്സ് ഘടനയിൽ ഭാവിയിൽ വേണ്ട സഹകരണം , ഏഷ്യ പസിഫിക് മേഖലയ്ക്കു വേണ്ട തുറന്ന, സുതാര്യമായ രൂപകല്പന ഉറപ്പുവരുത്തുക , രണ്ടായിരത്തി പതിനാലിൽ അഫ്ഗാനിസ്ഥാൻ എങ്ങിനെ എന്നുള്ള അവലോകനം തുടങ്ങിയവയും ഇരു വിഭാഗവും ചർച്ച ചെയ്തു.

കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുമായി ചൈനയുടെ ഉപ വിദേശകാര്യ വകുപ്പ് മന്ത്രി ലിയു കൂടിക്കാഴ്ച നടത്തി.

ആറാമത് ഇന്ത്യ - ചൈന തന്ത്രപ്രധാന ചർച്ചകൾ , ഇരു വിഭാഗത്തിനും സൌകര്യപ്രദമായ ഒരു സമയത്ത് ബെയ്ജിംഗിൽ വച്ച് നടത്തും.

**ന്യൂഡെൽഹി**
**ഓഗസ്റ്റ് 20, 2013**